പതിമൂന്നാം കേരള നിയമസഭ

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5084

27-07-2015 - ൽ മറുപടി നൽകേണ്ടത്

## സി-ആപ്റ്റിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.വി.ശിവൻകുട്ടി | : | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| ശ്രീ.എ.എം.ആരിഫ് | : | |
| ശ്രീ.കെ.കെ.നാരായണൻ | : | |
| ശ്രീ.കെ.വി.വിജയദാസ് | : | |

| | |
|---|---|
| എ) സി-ആപ്റ്റിന്റെ പ്രവർത്തനം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ ; | (എ) സി-ആപ്റ്റിന്റെ ഭരണപരവും,സാമ്പത്തിക പരവുമായ നടത്തിപ്പിനെ സംബന്ധിച്ച് നിരവധി പരാതികൾ ജീവനക്കാരിൽ നിന്നും സംഘടനകളിൽ നിന്നും പൊതുപ്രവർത്തകരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഗൌരവപരമമായ വിഷയങ്ങൾ ഉചിതമായ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ തക്കതായ നടപടി സ്വീകരിച്ചു വരുന്നുമുണ്ട്. |
| ബി) മുൻ സർക്കാരിന്റെ കാലത്ത് തയ്യാറാക്കിയ പാക്കേജിലൂടെ ലാഭകരമായി പ്രവർത്തിച്ചിരുന്ന സ്ഥാപനം ഇപ്പോൾ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് ; | (ബി) 2011-12 ശേഷം വാർഷിക കണക്ക് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ സ്ഥാപനം നഷ്ടത്തിലാണോ ലാഭത്തിലാണോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. |
| സി) സെക്യൂരിറ്റി പ്രസ്സ് ഉൾപ്പെടെയുള്ള യന്ത്ര സംവിധാനങ്ങൾ ഉണ്ടായിട്ടും പാഠ പുസ്തകങ്ങളുടേതടക്കമുള്ള അച്ചടി ഏറ്റെടുക്കുന്നതിൽ വിമുഖത കാണിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ; | സി) നിലവിലുള്ള അച്ചടി സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് പരമാവധി ജോലികൾ സി-ആപ്റ്റ് തന്നെ ഏറ്റെടുത്ത് നടത്തുന്നുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ കൊണ്ട്, സമയബന്ധിതമായി തീർക്കാൻ പറ്റാത്ത, പാഠപുസ്തകങ്ങളുടെ അച്ചടി പോലെയുള്ള ജോലികൾ പുറം കരാർ നൽകുന്നു. |

| | |
|---|---|
| ഡി) ഭീമമായ വാടകയ്ക്ക് യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ടോ; പുതിയ യന്ത്രങ്ങൾ വാങ്ങാനുള്ള നിർവ്വാഹക സമിതിയുടെ തീരുമാനം നടപ്പാക്കാത്തതെന്തുകൊണ്ട്; | ഡി) ലോട്ടറി നമ്പറിംഗും, ബാർകോഡിംഗും ചെയ്യുന്നതിനു വേണ്ടി ഉപയോഗ്യമായ എ 3 വലുപ്പത്തിലുള്ള 1000 കോപ്പികൾക്ക് രൂപ 921.352 എന്ന നിരക്കിൽ യന്ത്രം വാടകയ്ക്കെടുത്തിട്ടുണ്ട്. സെന്ററിന്റെ സാമ്പത്തിക സ്ഥിതിയ്ക്കനുസൃതമായി പുതിയ യന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പുതിയ യന്ത്രങ്ങൾ വാങ്ങുന്നതാണ്. |
| ഇ) സി-ആപ്റ്റ് എം.ഡി ക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ? | ഇ) പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ